## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1186

03.12.2015 ൽ മറുപടിയ്ക്ക്

### സ്കൂളുകളുടെ അടച്ചുപൂട്ടൽ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | ഡോ. കെ.ടി ജലീൽ | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) | സംസ്ഥാനത്ത് അനാദായകരമെന്ന് കണക്കാക്കിയിട്ടുള്ള സ്കൂളുകളുടെ എണ്ണമെത്രയാണ്; ഇവ അടച്ചുപൂട്ടൽ ഭീഷണിയിലാണോ; | (എ) & (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് അടച്ചുപൂട്ടിയ സ്കൂളുകളുടെ എണ്ണമെത്ര; | | |
| (സി) | സംസ്ഥാനത്ത് ആകെ എത്ര ഏകാദ്ധ്യാപക വിദ്യാലയങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇവ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്; | (സി) | 304 എണ്ണം. പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലകൾ ഒഴികെ മറ്റ് 11 ജില്ലകളിലായാണ് ഇവ പ്രവർത്തിച്ചു വരുന്നത്. |
| (ഡി) | ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ പ്രതിമാസ വേതനം എത്രയാണ്; ഇത് കൃത്യമായി നൽകുന്നുണ്ടോ; വേതനം ലഭിക്കാതെ അദ്ധ്യാപകർ ഒഴിഞ്ഞു പോയതുമൂലം അടച്ചുപൂട്ടിയ വിദ്യാലയങ്ങളുണ്ടോ; | (ഡി) & (ഇ) | 2015 സെപ്റ്റംബർ മാസംവരെ പ്രതിമാസം 5000 രൂപ എന്ന നിരക്കിൽ ഓണറേറിയം (Honorarium) നൽകിയിട്ടുണ്ട്. മറ്റു വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | എങ്കിൽ അടച്ചുപൂട്ടിയ ഇത്തരം വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ തുടർ പഠനം സംബന്ധിച്ച് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ